മാർത്തോമ്മ ഹയർ സെക്കൻഡറി സ്കൂൾ പത്തനംതിട്ട

# അക്ഷരധ്വനി

വാർത്താപത്രിക

"നീർച്ചാൽ" സ്പെഷ്യൽ പതിപ്പ്

ലക്കം 6 | 2017 ജനുവരി | മികവ് – 2016

## വിദ്യാർത്ഥികൾക്ക് ദിശാബോധം നല്കുന്ന സ്കൂൾ

**– ആന്റോ ആന്റണി എം. പി.**



ഹെഡ്മിസ്ട്രസ്സ് ഷീബാ എ. തടിയിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉഷാ ദിവാകരൻ നീർച്ചാൽ ചീഫ് കോ-ഓർഡിനേറ്റർ ഏബ്രഹാം വാഴയിൽ, പി.റ്റി.എ പ്രസിഡന്റ് ബിജു ഇടിക്കുള, സ്കൂൾ ബോർഡ് അംഗവും സ്കൂൾ LAC അംഗവുമായ അഡ്വ. ജോൺസൺ വിളവിനാൽ, ജോർജ് ബിനുരാജ്, ശോശാമ്മ ശമുവേൽ എന്നിവർ പ്രസംഗിച്ചു.



മലങ്കര മാർത്തോമ്മാ സുറിയാനി സഭ പരമാദ്ധ്യക്ഷൻ **അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി**

പത്തനംതിട്ട: മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂൾ, വിദ്യാർത്ഥികൾക്ക് ശരിയായ ദിശാബോധം നല്കുന്ന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് ആന്റോ ആന്റണി എം.പി. പറഞ്ഞു. സ്കൂൾ അഡ്മിഷനുവേണ്ടിയുള്ള തിരക്ക്,ഈ യാഥാർത്ഥ്യം സമൂഹം മനസ്സിലാക്കുന്നതുകൊണ്ടാണ്. സ്കൂളിലെ വിദ്യാർത്ഥികളുടെ സാമൂഹിക സാംസ്കാരിക വേദിയായ നീർച്ചാൽ യൂണിറ്റുകളുടെ സംഗമവും "ഒരു ചെടി ഒരു കറിക്കൂട്ട്" പദ്ധതിയുടെ ഉദ്ഘാടനവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ വിദ്യാർത്ഥിയും ഒരു പച്ചക്കറിനട്ട് പരിപാലിക്കുക, അതിൽനിന്നു ലഭിക്കുന്ന വിളവ് സ്കൂളിലെത്തിച്ച് വിളവെടുപ്പ് ഉത്സവത്തിൽ പങ്കെടുത്ത് വില്പന നടത്തി കിട്ടുന്ന പണം സഹപാഠിക്കൊരു തണൽ പദ്ധതിക്ക് നല്കുക എന്നതാണ് പരിപാടി. സ്കൂളിലെ 1300 വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും സാക്ഷി നിർത്തി ഒരുവിദ്യാർത്ഥിക്ക് പച്ചക്കറിചെടി നല്കി എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. ഓരോ വിദ്യാർത്ഥിയും പച്ചക്കറി ചെടിയുടെ പരിപാലന ഡയറി തയ്യാറാക്കേണ്ടതുമാണ്.

നീർച്ചാൽ വാർഷികം | കലാസന്ധ്യ | ഒരു ചെടി ഒരു കറിക്കൂട്ട്
സഹപാഠിക്കൊരു തണൽ – താക്കോൽ ദാനം | ഭക്ഷണ സ്റ്റാളുകൾ

2017 ജനുവരി 11 ബുധൻ. ഉച്ചയ്ക്ക് 1.30 മുതൽ

### വിശിഷ്ഠാതിഥികൾ



**ശ്രീ. ആന്റോ ആന്റണി**
എം.പി.



**ശ്രീ. പി. കെ. ജേക്കബ്ബ്**
മുനി.വൈസ് ചെയർമാൻ



**ഡോ. സൂസമ്മ മാത്യു**
സ്കൂൾ മാനേജർ



**അഡ്വ.ജോൺസൺ വിളവിനാൽ**
സ്കൂൾ ഗവേർണിംഗ് ബോർഡ് & എൽ. എ. സി. അംഗം



**അനു കുര്യൻ**
*ഹയർസെക്കണ്ടറി പ്രിൻസിപ്പാൾ*

## നീർച്ചാലുകൾ – എന്ത്?

**ഏബ്രഹാം വാഴയിൽ (ചീഫ് കോ-ഓർഡിനേറ്റർ)**



മുൻകാലങ്ങൾപോലെ ഇന്ന് കുട്ടികൾക്ക് ഒന്നിച്ച് കൂടുവാനും, സഹവർത്തിത്വം പുലർത്തുവാനും ഉള്ള സൗകര്യങ്ങൾ, നാട്ടിൻപുറങ്ങളിലില്ല. ടിവി, മൊബൈൽഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്ട്സ്അപ്പ് തുടങ്ങിയ മാധ്യമങ്ങളിലേക്ക് കുട്ടികൾ ഒതുങ്ങുന്നു. ചുറ്റുപാടുകളിൽ എന്തു നടക്കുന്നുവെന്നോ, വീട്ടിൽ ആരൊക്കെ ഉണ്ടെന്നോ പോലും അറിയാതെ അവർ വളരുന്നു. അയൽവക്കത്തുള്ളവരെ പോലും തിരിച്ചറിയാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുന്നു. കൃഷിയോ, കൃഷി ഉല്പന്നങ്ങളോ അവർക്കറിയില്ല. പ്രകൃതിയിൽ ഉണ്ടാവുന്ന മാറ്റങ്ങളോ, അവ സംരക്ഷിക്കേണ്ടുന്ന ആവശ്യമോ അവർ തിരിച്ചറിയുന്നില്ല. കുടുബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോവുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഉത്തരവാദിത്തം തങ്ങളുടേതല്ലെന്ന് അവർ പഠിച്ചുവെക്കുന്നു. ഇത് വലിയ സാമൂഹീക പ്രശ്നങ്ങൾക്ക് കാരണമാണെന്നതിൽ സംശയമില്ല.

നമ്മുടെ സ്കൂളിലെ 1200 ലധികം വരുന്ന കുട്ടികൾ, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും ഉള്ളവരാണ്. അവരവരുടെ ചുറ്റുപാടിലുള്ള കുട്ടികളെ സംഘടിപ്പിച്ച് കുട്ടികൂട്ടങ്ങൾ രൂപീകരിക്കുകയാണ് പദ്ധതി. ഓരോ കുട്ടികൂട്ടങ്ങൾക്കും നദികളുടെ പേരുകൾ നല്കുന്നു. ഓരോ യൂണിറ്റിനും ഒരു അദ്ധ്യാപകൻ കോ-ഓർഡിനേറ്റർ ആയി ഉണ്ടാവും. രക്ഷിതാക്കളുടെ സഹകരണത്തോടെ, മുൻകൂട്ടി ക്രമീകരിക്കുന്നവിധം, അതതുസ്ഥലങ്ങളിൽ യോഗങ്ങൾ നടക്കും. വിദ്യാലയമായ തടാകത്തിൽ നിന്ന്, എല്ലാ വിഭവങ്ങളും ചാലുകളായി സമൂഹത്തിലേക്ക് ഒഴുകുന്നതിനും, അങ്ങനെ നാട്ടിൻപുറങ്ങൾ സമൃദ്ധമാകുന്നതിനും നീർച്ചാലുകൾ സഹായിക്കുമെന്നതിൽ സംശയമില്ല.

V-GUARD **സോളാർ വാട്ടർ ഹീറ്റർ ഗവ. സബ്സിഡിയോടു കൂടി.**
വൈദ്യുതിയോ, ഗ്യാസോ, വിറകോ മറ്റ് ഇന്ധനമോ ഇല്ലാതെ യഥേഷ്ടം ചൂട് വെള്ളം ലഭിക്കുന്നു. സബ്സിഡി പരിമിതം ആയതിനാൽ ആദ്യം ബുക്ക് ചെയ്യുന്നവർക്ക് മുൻഗണന.
ഉടൻ വിളിക്കുക.
9447355339,
0468 2321272



V-GUARD **SOLAR POWER UNITS**
ഇപ്പോൾ വീട്ടിൽ ഉപയോഗിക്കുന്ന ഇൻവേർട്ടർ എക്സ്ചേഞ്ച് ചെയ്ത് പുതിയ സോളാർ ഇൻവേർട്ടറിലേക്കു മാറൂ.
*വൈദ്യുതി ലാഭം, ഗ്രീൻ എനർജി.*
ലൈറ്റ് ഫാൻ ടെലിവിഷൻ ഫ്രിഡ്ജ് എ. സി. മുതലായവ സോളാർ എനർജിയിൽ ഉപയോഗിക്കാം.
ഏറ്റവും നല്ല വില്പ
നാനന്തര സേവനം



കറണ്ട്കട THE INVERTER & SOLAR SUPERMARKET
St. Peters Junction, Pathanamthitta. PH : 0468 - 2321272

## മനുഷ്യനന്മക്കായി പ്രവർത്തിക്കുന്ന മാർത്തോമ്മാ സ്കൂൾ – പത്തനംതിട്ട

***ബിജു ഇടിക്കുള (പി.റ്റി.എ. പ്രസിഡന്റ്)***



പത്തനംതിട്ട ജില്ലയിലെ ഏറ്റവും മികച്ച ഒരു ഹയർസെക്കണ്ടറി സ്കൂൾ എന്ന നിലയിൽ നാം വളർന്നുകഴിഞ്ഞു. അക്കാദമിക നിലവാരത്തിലും ഇതരവേദികളിലും നമ്മുടെ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടം വഹിക്കുന്നുണ്ട്. നമ്മുടെ സ്കൂളിലെ അദ്ധ്യാപക – രക്ഷാകർത്തൃ സമിതി ഏറ്റവും സജീവമായി പ്രവർത്തിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. എല്ലാ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കൾ നല്കി വരുന്ന അകമഴിഞ്ഞ പിന്തുണ ഏറെ പ്രശംസനീയമാണ്. നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ, സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് വീടു നിർമ്മിച്ചു നൽകാൻ കഴിഞ്ഞത് ഇതിന് ഉദാഹരണമാണ്. മനുഷ്യനൻമയെ കരുതി പ്രവർത്തിക്കുവാനും നല്ല മൂല്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാനുമുള്ള പത്തനംതിട്ട മാർത്തോമ്മാ സ്കൂളിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ ഉറപ്പാക്കിക്കൊണ്ട് നിർത്തുന്നു.

### 2017 മാർച്ച് 31 ന് സ്കൂളിൽ നിന്നും വിരമിക്കുന്നവർ



**അനി തോമസ്** (HSA)

സെന്റ് ജോർജ് യു.പി.സ്കൂൾ, നാരങ്ങാനം 1991
മാർത്തോമ്മാ ഹൈസ്കൂൾ, പത്തനംതിട്ട 91-93
എ.എം.എം.ഹൈസ്കൂൾ, കരവാളൂർ 93-99
എ.എം.എം ഹൈസ്കൂൾ, ഓതറ 99-2008
മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂൾ, പത്തനംതിട്ട 2008-2017



**ലാലി ജോർജ്ജ്** (UPSA)

വെൺമണി ശാലേം യു.പി.സ്കൂൾ 1984
മാർത്തോമ്മാ ഹൈസ്കൂൾ പത്തനംതിട്ട 1984
എം.റ്റി.എൽ.പി സ്കൂൾ, വളകൊടികാവ് 1984
മാർത്തോമ്മാ ഹൈസ്കൂൾ, വെൺമണി 1985
ഈ.എ.എൽ.പി സ്കൂൾ, കുമരംപേരൂർ 1987
മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂൾ, പത്തനംതിട്ട 1987-2017

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പകർന്നു നല്കുന്നു

***ഷീബാ എ. തടിയിൽ (ഹെഡ്മിസ്ട്രസ്)***



തലമുറകളിൽ നിന്നും തലമുറകളിലേക്ക് വിജ്ഞാനവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും പകർന്നു നൽകി ക്കൊണ്ട് പത്തനംതിട്ട നഗരത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്ന മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ 85-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സ്ക്കൂളിന്റെ വളർച്ചയ്ക്കും വികസനത്തിനും ശ്രേഷ്ഠമായ നേതൃത്വം നൽകിയ അനേകരുണ്ട്. അവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ വിദ്യാലയവർഷവും അക്ഷരധ്വനി എന്ന വാർത്താപത്രിക പ്രസിദ്ധീകരിക്കുവാൻ നമുക്ക് സാധിക്കുന്നു എന്നത് സന്തോഷത്തിനു വകനൽകുന്നു. ഈ വർഷം നമ്മുടെ 262 കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നുണ്ട്. എല്ലാവർക്കും ഉന്നതവിജയം ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സബ് ജില്ലായുവജനോത്സവത്തിൽ യു. പി, ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് വീണ്ടും കരസ്ഥമാക്കുന്നതിന് കഴിഞ്ഞു. തുടർച്ചയായി 15-ാം തവണയാണ് ചാമ്പ്യൻഷിപ്പ് നേടിയത്. ഈ വർഷം പല നൂതന പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനു സാധിച്ചു. ഓരോ പ്രദേശത്തുമുള്ള നമ്മുടെ വിദ്യാർത്ഥികളുടെ കൂട്ടായ്മ അഥവാ നീർച്ചാലുകൾ സംഘടിപ്പിച്ചതാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. മലയാളം, ഹിന്ദി വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന 5 മുതൽ 10 വരെ ക്ലാസിലെ വിദ്യാർത്ഥികൾക്കായി ശനിയാഴ്ച ദിവസങ്ങളിൽ പ്രത്യേകം ക്ലാസുകൾ നടത്തുന്നതിനു സാധിച്ചു. 9-ാം ക്ലാസിൽ മലയാളം, സയൻസ്, കണക്ക് വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്നവർക്ക് ആർ.എം. എസ്.എയുടെ നേതൃത്വത്തിൽ നവപ്രഭ ക്ലാസുകളും, 10-ാം ക്ലാസിലെ വിദ്യാർത്ഥികളെ പഠനനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിച്ച് പ്രത്യേക ക്ലാസുകളും ക്രമീകരിച്ചിരിക്കുന്നു. നിലവിലുള്ള സ്കൂൾ ബസുകളുടെ കൂട്ടത്തിൽ ഒരു ബസ് കൂടി വാങ്ങി കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കൂൾ ബസിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നീർച്ചാലിന്റെ നേതൃത്വത്തിൽ നമ്മുടെ ഒരു 7-ാം ക്ലാസ് വിദ്യാർത്ഥിനിക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് കഴിഞ്ഞു എന്നത് ഏറ്റം സന്തോഷത്തിന് വക നൽകുന്നു. നമുക്ക് കഴിവും പ്രാപ്തിയും പകർന്നു നൽകുന്ന ദൈവത്തെ ഹൃദയപൂർവ്വം സ്തുതിക്കാം.

ചെറുകഥ

# ചിന്നിച്ചിതറിയ സ്വപ്നങ്ങൾ

ഗിഫിറ്റി തോമസ് ജോൺ X. B.



ശാന്തതയുടെ പുലർകാലം പ്രതീക്ഷിച്ചു കിടന്നുറങ്ങിയവർ പലരും ആകാശത്തിലെ നക്ഷത്രങ്ങളായി കഴിഞ്ഞിരുന്നു. എങ്ങും വെടിയൊച്ചയും കൂട്ടനിലവിളിയും. ആകാശത്തിലേക്ക് ഉയർന്നുപൊങ്ങുന്ന പൊടിപടലങ്ങളും പുകയും. പൊട്ടിതെറിക്കുന്ന കെട്ടിടഭാഗങ്ങൾക്കൊപ്പം ഉയരുന്ന ആയിരക്കണക്കിനു മനുഷ്യശരീരങ്ങൾ. ആയിരക്കണക്കിനു ജനങ്ങളുടെ പ്രതീക്ഷകൾക്ക് വിരാമമിട്ടുകൊണ്ട് അവിടം ഒരു യുദ്ധക്കളമായി മാറി കഴിഞ്ഞിരുന്നു.

നെഞ്ചകം തല്ലി കരഞ്ഞുകൊണ്ട് ഒരു സ്ത്രീ തങ്ങളുടെ ഭർത്താവിനെയും നിലത്തുകാലുറയ്ക്കാത്ത തന്റെ പിഞ്ചു പൈതലിനേയും തേടികൊണ്ട് അതിനിടയിലൂടെ പായുന്നു. ഒരു നിമിഷം കൊണ്ട് തന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും പൊട്ടിച്ചിതറിയ കണ്ണാടികഷണം പോലെ ആക്കിയ യുദ്ധത്തെ ശപിച്ചുകൊണ്ട് അവൾ നിലവിളിച്ചു:

എന്തിനാണീ യുദ്ധം...........

ചിന്നിച്ചിതറിയ മനുഷ്യശരീരങ്ങൾക്കിടയിലൂടെ അവൾ പായുന്നു. സൂര്യനെവെല്ലുന്ന ചൂടും രാത്രിയെ വെല്ലുന്ന ഇരുട്ടും; എങ്കിലും അവൾ തന്റെ പ്രിയപ്പെട്ടവർക്കായി തിരച്ചിൽ തുടരുന്നു. പാതി ജീവൻ ശേഷിച്ചു മരണത്തെ മുഖാമുഖമായി കണ്ടുകൊണ്ട് കിടക്കുന്നവർ, അലറി വിളിച്ചുകൊണ്ട് ഓടി മറയുന്നവർ, എല്ലാം കണ്ടും കേട്ടും ഇനിയും എന്തു ചെയ്യണമെന്നറിയാതെ അവൾ ഒരു നിമിഷം പകച്ചുനിന്നു. പെട്ടെന്നാണ് ഒരു തുണികഷണം അവളുടെ മുഖത്തു വന്നു പതിച്ചത്. എല്ലാം അവസാനിച്ചു എന്നു കരുതിയ ആ നിമിഷം അവൾ തന്റെ ജീവൻ ഒടുക്കുവാൻ തീരുമാനിച്ചു. പൊട്ടിച്ചിതറുന്ന കെട്ടിടകഷണങ്ങൾക്കിടയിലേക്ക് അവൾ തുണികഷണം കൈയ്യിലമർത്തിപ്പിടിച്ചുകൊണ്ട് നടന്നു കയറുന്നു.

ഒരു നിമിഷം അവൾ പുറകിലേക്ക് തിരിഞ്ഞുനോക്കി എവിടെനിന്നോ ഒരു കുഞ്ഞിന്റെ കരച്ചിൽ. അവൾ തിരിഞ്ഞോടി. കാൽവഴുതി വീണ അവൾ കാണുന്നത് തന്റെ കുഞ്ഞിനെ മാറോട് ചേർത്തു പിടിച്ചുകൊണ്ട് കാലുകളറ്റുകിടക്കുന്ന ഭർത്താവിനെയാണ്. അവിടെ നിന്നും എഴുന്നേറ്റ് അടുത്തെത്തുന്നതിനു മുൻപേ അവളുടെ ശരീരം കണ്ണാടി ചില്ലുപോലെ പൊട്ടിച്ചിതറി. എങ്കിലും അവളുടെ കൈകൾ ആ തുണികഷണം മുറുകെ പിടിച്ചുകൊണ്ട് തന്നെ കിടന്നു.

കവിത

# അമ്മ മലയാളം

അലീഷാ ചാന്ദിനി 10 ബി



എന്നുമാത്തിരുമുറ്റവാതിലിൻ മുന്നിലായ്
എന്നെനോക്കിനിന്ന മന്ദാരമേ
തനിമയെഴും നിന്റെ ഇരുളിന്റെയുള്ളിൽനി-
ന്നുതിരിറ്റു വന്ന തേൻമലയാളമേ.

പുന്നെല്ലിൻ കതിരെഴും പൊൻമണി കൊത്തി
പറന്നകലുന്നൊരു പച്ചപ്പനം-
തത്തതൻ ചുണ്ടിലായലയടിക്കുന്നൊരാ
കൊഞ്ചും നറുമൊഴി മലയാളമേ.

തെച്ചിയും തുമ്പയും പിച്ചകവും
തുഞ്ചന്റെ ചേലെഴും ശീലുകളും
മാരിവില്ലിൻ വർണ്ണമാധുര്യവും
തമ്പിയായയമരുമെൻ മലയാളമേ.

തേനെഴും പൂവിലായ് പാറിപ്പറന്നെത്തും
വർണ്ണചിറകുള്ള ശലഭങ്ങളെ-
പ്പോലെ ഞാൻ അലയുന്നു അറിയുവാനായിതാ
അറിവിൻ നിറവാം മലയാളമേ.

സപ്തസ്വരങ്ങളിൽ സപ്തവർണ്ണങ്ങളിൽ
അലയടിക്കുന്നൊരാ മലയാളമേ
അറിവിൻ ബൃഹത്സാഗരത്തിനുമുന്നിലായി
വന്ദിപ്പൂ എൻ അമ്മ മലയാളമേ.

SABU THOMAS 98470 33748
SHINU THOMAS 9447732010
0468 - 2222081 (O)
0469 - 2602472, 2635510 (R)
MRF TYRES
NEW TYRE COMPLEX
Anchakkala Junction
Ring Road, Pathanamthitta
E-Mail: tyreindia@yahoo.com
www.tyreindias.com



The exclusive showroom for all branded Tyres, Tubes & Alloy Wheels for all Vehicles.
MAXXIS MICHELIN BRIDGESTONE GOODYEAR JK TYRE CEAT apollo YOKOHAMA Continental TVS TYRES

CELEBRATE
LIKE A CELEBRITY
Ampel
BOUTIQUE
treand searcher for women fashion
BETHEL PLAZA, ABAN JN.,
PATHANAMTHITTA
Tel: 0468 2221001
www.ampelboutique.com | ampelboutique@gmail.com

# പുത്തൻ ഉണർവ്വിലേക്ക്

നൈനാൻ കെ. പുന്നവേലി



കലാ കായിക-ശാസ്ത്ര-പ്രവർത്തി പരിചയ മേഖലകളിൽ നിരവധി നേട്ടങ്ങളുടെ മഹത്തായ പൈതൃകം നില നിർത്തിവരുന്ന കലാലയമാണ് പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ.



യു. പി. വിഭാഗം

കലാ കായിക-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ നിരവധി നേട്ടങ്ങൾ നേടി ഈ സ്കൂൾ ജൈത്രയാത്ര തുടരുകയാണ്. 1984 മുതൽ പത്തനംതിട്ട സബ്ജില്ലാ കലോത്സവത്തിന്റെ ഓവറോൾ ചാമ്പ്യൻഷിപ്പ് ഈ സ്കൂൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രഗത്ഭമായി പ്രശസ്തമായി കലാരംഗങ്ങളിൽ പ്രശോഭിക്കുന്ന നിരവധി പൂർവ്വവിദ്യാർത്ഥികളാൽ സമ്പന്നമാണ് ഈ സ്കൂൾ.

ഡോ. പാർവ്വതി ജി. നായർക്ക് 1995-96 ൽ കോട്ടയത്ത് നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കലാതിലകപട്ടം ലഭിച്ചത് സ്കൂളിന്റെ ചരിത്രത്തിലെ പൊൻതാളാണ്.

ഏഷ്യാനെറ്റ് ഐഡിയ സ്റ്റാർ സിംഗറായി പ്രശസ്തനായ ഇപ്പോൾ സൗണ്ട് എഞ്ചിനീയറും ഗായകനുമായി പ്രവർത്തിക്കുന്ന അജിത് ജി. കൃഷ്ണൻ ഈ സ്കൂളിലെ കലാപ്രതിഭയായിരുന്നു.

ശാസ്ത്ര-ഗണിത ശാസ്ത്ര പ്രവൃത്തിപരിചയം, ഓൺ ദ സ്പോട്ട് മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തിയ പൂർവ്വവിദ്യാർത്ഥികളെയും ഇത്തരുണത്തിൽ സ്മരിക്കാം.



ഹൈസ്കൂൾ വിഭാഗം

ചിത്രരചന, സംഗീതം, അഭിനയം, നൃത്തം എന്നീ നാലു മേഖലകളിലായാണ് കലാവിദ്യാഭ്യാസത്തെ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയത്. ഈ രംഗത്ത് ആവശ്യമായ അദ്ധ്യാപകരെ വിദ്യാഭ്യാസവകുപ്പ് നിയമിച്ചുതുടങ്ങിയത് സ്കൂളുകളിൽ കലാകായിക മേഖലകൾക്ക് ആക്കം കൂട്ടുകയും വിദ്യാഭ്യാസരംഗമാകെ പുത്തൻ ഉണർവ്വ് പ്രാപിക്കുകയും ചെയ്യും എന്ന് നമുക്ക് പ്രത്യാശിക്കാം.

# വൃദ്ധജനങ്ങൾ നന്മയുടെ പ്രതീകങ്ങൾ

*റോബിൻ പീറ്റർ (പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)*




മല്ലശ്ശേരി : പ്രായമായ മാതാപിതാക്കൾ നന്മയുടെ പ്രതീകങ്ങളാണെന്ന് പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ പറഞ്ഞു. അവരെ കരുതുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് തലുറകളുടെ ഉത്തരവാദിത്വമാണ്. തിരക്കേറിയ ലോകത്തിൽ, വൃദ്ധജനങ്ങളുടെ ആവശ്യങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയാണ്. എന്നാൽ അവരെ സംരക്ഷിക്കുകയും കരുതുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം മനസ്സിലാക്കിക്കൊടുക്കുവാൻ മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂളിന്റെ സാമൂഹിക സാംസ്ക്കാരിക വേദിയായ നീർച്ചാലുകൾക്ക് കഴിയുന്നു. നീർച്ചാലിന്റെ പതിനെട്ട് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തിയ വയോജനദിനാചരണത്തിന്റെ കേന്ദ്രതല ഉത്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യൂണിറ്റ് പ്രസിഡന്റ് കുമാരി അക്ഷയ സുരേക്ഷ് അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ്സ് ഷീബാ എ. തടിയിൽ വയോജനദിനസന്ദേശം നല്കി. ബ്ലോക്ക് പഞ്ചായത്ത് അംഗം ലീലാ രാജൻ, ഗ്രാമപഞ്ചായത്ത് അംഗം അന്നമ്മ ഫിലിപ്പ്, നീർച്ചാൽ ചീഫ് കോ-ഓർഡിനേറ്റർ ഏബ്രഹാം വാഴയിൽ, നീർച്ചാൽ രക്ഷാധികാരി ബിജു കെ. എസ്., ഉപരക്ഷാധികാരി ബിനി എം.ജോൺ, അജി കെ. ജോർജ്ജ്, കുമാരി ഹർഷ എസ്. ജയകുമാർ, കുമാരി ആൽവിയ ബൈജു, മാസ്റ്റർ ചാർളിരാജു എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് സെക്രട്ടറി നിമ്മി റജി കൃതജ്ഞത പറഞ്ഞു. സൂസൻ ജോർജ്ജും ടിഷാ ഫിലിപ്പും അദ്ധ്യാപക കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ചു. വൃദ്ധദമ്പതികളുടെ ഭവനത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും അടക്കം അറുപതോളം പേർ സന്ദർശിച്ച് ഇളനീർ നല്കിയും ഷാൾ അണിയിച്ചും ആദരിച്ചു.

മേധാവി & കമ്പനി
റിംഗ് റോഡ്, മേലേവെട്ടിപ്പുറം, പത്തനംതിട്ട
ഫോൺ: 9447775009, 0468 2320009
സഹോദരസ്ഥാപനങ്ങൾ
മേധാവി വെയ്ബ്രിഡ്ജ്
മേധാവി മിനി സൂപ്പർ മാർക്കറ്റ്

# കായികരംഗം - എൻ.സി.സി

ജോർജ്ജ് ബിനുരാജ്



നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞ വർഷം പത്തനംതിട്ട ജില്ലയ്ക്ക് മികച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. തായ്‌ലന്റിൽ നടന്ന അന്തർദേശീയ ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥി ആയിരുന്ന അഖില അനിൽ ഇന്ത്യയ്ക്കുവേണ്ടി വെങ്കലമെഡൽ നേടിയത് സ്കൂൾ അഭിമാനത്തോടെ കാണുന്നു. കഴിഞ്ഞ ദേശീയ ജൂനിയർസോഫ്റ്റ്‌വോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിത ക്യാപ്റ്റനായിരുന്ന അഖില സുജയ് ഈ സ്കൂളിലെ വിദ്യാർത്ഥിനിയാണ്. ജില്ലാ ചെസ്സ് അസോസിയേഷൻ നടത്തിയ മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ ടീം ചാമ്പ്യൻഷിപ്പ് നമ്മുടെ സ്കൂൾ നേടുകയുണ്ടായി. പത്തനംതിട്ട ജില്ല റോളർഹോക്കി ടീമിൽ ഈ സ്കൂളിൽ നാലോളം വിദ്യാർത്ഥികൾ അംഗങ്ങളായി. സംസ്ഥാന സ്കൂൾ സോണൽ ഗെയിംസ് മത്സരങ്ങളിൽ ഹോക്കി, ചെസ്സ്, ഷട്ടിൽ ബാഡ്മിന്റൺ, വോളിബോൾ എന്നീ മത്സരങ്ങളിൽ പത്തനംതിട്ട ജില്ലയെ പ്രതിനിധീകരിച്ച് ഈ സ്കൂളിലെ വിദ്യാർത്ഥികൾ അണിനിരന്നത് അഭിമാനത്തോടെ ഓർക്കുന്നു. ചെസ്സ് മത്സരത്തിൽ സോണലിൽ നിന്നും ആൽവിൻ ബിബി സംസ്ഥാന തലത്തിൽ പങ്കെടുക്കുകയുണ്ടായി, സ്കൂൾ തുടർച്ചയായി 9-ാം തവണയും സബ്ജില്ല സ്കൂൾസ് കായികമേളയിൽ ചാമ്പ്യൻഷിപ്പ് നേടുകയുണ്ടായി.


14 കേരള ബറ്റാലിയൻ NCC യുടെ കീഴിൽ 151 പേരടങ്ങുന്ന മികച്ച ഒരു NCC ട്രൂപ്പ് ഈ സ്കൂളിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ 3 വർഷവും ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ക് പരേഡിൽ ഈ സ്കൂളിലെ NCC കേഡറ്റ്സ് ആയിരുന്ന അംജദ ഷാജി, മഹാദേവൻ പി, ജിതിൻ ഗോപി എന്നിവർ പങ്കെടുത്തു. കഴിഞ്ഞ വർഷം ഈ സ്കൂളിൽ നിന്നും Inter Betalian RDC കോമ്പറ്റീഷനിൽ ദിവ്യബിജു, ആർഷദ് എസ്. ബിജു, ക്രിസ്റ്റിൻജോസ് എന്നിവർ പങ്കെടുത്തു. ഇക്കഴിഞ്ഞ തൽസൈനിങ് മത്സരങ്ങളിൽ ദേവാനന്ദ് എസ് പങ്കെടുക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലായി നടന്ന ദേശീയ NCC ക്യാമ്പുകളിൽ മിഥുന മേരി ബിനു, ദിവ്യ ബിജു, ദേവാനന്ദ് എസ്, ജിജ സൂസൻ സജി, അഞ്ജലി കൃഷ്ണ എന്നിവർ പങ്കെടുത്തു. ദേശീയ ഐക്യത്തിനും ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെയും ഭാഗമായി ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ ബോധന 2016 എന്ന പരിപാടി 2 ദിവസങ്ങളിലായി നടത്തപ്പെട്ടു.





# ദൈവകൃപയുടെ തണലിൽ

*സൂസമ്മ ജോൺ (സീനിയർ അസിസ്റ്റന്റ്)*



## അക്കാദമിക് നിലവാരം പുലർത്തുവാൻ പ്രത്യേക പ്രോഗ്രാം

### വിജയപ്രഭ

10 -ാം ക്ലാസ്സിലെ കുട്ടികളുടെ ഉന്നതവിജയം ലക്ഷ്യമാക്കികൊണ്ട് നടപ്പാക്കിയ ഒരു പഠന പദ്ധതിയാണ് വിജയപ്രഭ. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ തന്നെ സ്കൂൾ സമയത്തിനുശേഷം ഒരു മണിക്കൂർ ഓരോ വിഷയങ്ങൾക്കും പ്രത്യേക ക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നു. തികച്ചും പിന്നോക്കം നില് ക്കുന്ന കുട്ടികൾക്ക് ശനിയാഴ്ച ദിവസങ്ങളിലും ക്ലാസ്സുകൾ എടുക്കുന്നു. ജനുവരി മുതൽ കുട്ടികളെ അവരുടെ പഠനനിലവാരത്തിനും അനുയോജ്യമായ വിധത്തിൽ, വിഷയാടിസ്ഥാനത്തിൽ 4 ഗ്രൂപ്പുകളായി തിരിച്ചുള്ള ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഗ്രൂപ്പിലും ഉള്ള കുട്ടികൾക്ക് ഗ്രഹിക്കുവാൻ പറ്റുന്ന തരത്തിലുള്ള ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും തയ്യാറാക്കി അദ്ധ്യാപകരുടെ നേതൃത്വത്തിൽ കൃത്യമായ സമയക്രമം അനുസരിച്ച് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. ഈ സ്കൂളിലെ മുഴുവൻ അദ്ധ്യാപകരുടെയും സഹകരണം ഈ പഠനപദ്ധതിക്ക് ലഭിക്കുന്നു.

### നവപ്രഭ

9-ാം ക്ലാസ്സിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് "നവപ്രഭ" കൂടാതെ 5 മുതൽ 8 വരെയുള്ള കുട്ടികൾക്കുവേണ്ടി "മികവ്" എന്ന പഠന പ്രവർത്തനവും കാര്യക്ഷമമായി നടത്തുന്നു.

### അക്ഷരപ്രഭ

യാതൊരു നിബന്ധനകളും കൂടാതെയാണ് നമ്മുടെ സ്കൂളിൽ കുട്ടികൾക്ക് അഡ്മിഷൻ നല്കുന്നത്. അതുകൊണ്ടുതന്നെ അക്ഷരം അറിയാത്ത കുട്ടികൾപോലും ക്ലാസുകളിലുണ്ട്. അങ്ങനെ ഉള്ളവർക്കു വേണ്ടി ശനിയാഴ്ച ദിവസങ്ങൾ അക്ഷരപ്രഭ ക്രമീകരിച്ചിരിക്കുന്നു. ഇതിലൂടെ പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുവാൻ കഴിയുന്നു.

**2017 – 18 വർഷം 5, 6, 7, 8 ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം ക്ലാസ്സുകളിലേക്കുള്ള അഡ്മിഷന് കൂടുതൽ വിവരങ്ങൾക്ക് സ്കൂൾ ആഫീസുമായി ഉടൻ ബന്ധപ്പെടുക.**


**താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്കൂൾ ബസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്**

| | | | |
|---|---|---|---|
| ചിറക്കാല | മൈലാടുപാറ | ചാങ്ങേത്തുപടി | മണലേൽപ്പടി |
| ഇലന്തൂർ ഭഗവതിക്കുന്ന് | കാക്കത്തോട്ടം | പോലീസ് ക്വാർട്ടേഴ്സ് | കൊച്ചാലുംമൂട് |
| പുന്നക്കപടി | കളീക്കൽപടി | താഴെവെട്ടിപ്പുറം | വള്ളിക്കോട് |
| ഇലന്തൂർ ചന്ത | തുണ്ടമൺകര | മേലെവെട്ടിപ്പുറം | കൊടുംതറ |
| ഗണപതി അമ്പലം | മേലെവെട്ടിപുറം | കൊന്നമൂട് | പുത്തൻപീടിക കുളം |
| കുളത്തിങ്കൽപടി | മുണ്ടുകോട്ടയ്ക്കൽ | കുരീലയ്യം (വഞ്ചിപൊയ്ക) | സന്തോഷ്മുക്ക് |
| മലമുറ്റം | അടിയാനി | തോന്ന്യാമല മിൽമപടി | സ്റ്റേഡിയം ജംഗ്ഷൻ |
| അയത്തിൽ | കൃപാപുരം | കാഞ്ഞിരപ്പാറ | പൗവർ ഹൗസ് |
| ഇലന്തൂർ ആശുപത്രിപ്പടി | നിരന്നകാല | തോണിക്കുഴി | വലഞ്ചുഴി |
| വലിയവട്ടം | പട്ടംതറ | പെരിങ്ങമല | ഇടക്കര |
| പ്രക്കാനം | മധുമല | മോടിപ്പടി | അമൃതപടി |
| മുട്ടുകുടുക്ക | പൂക്കോട് | Weigh Bridge (1) | വളങ്ങാട്ടുപടി |
| തോട്ടുപുറം | ആശാരിമുക്ക് | ജാസ്മിൻപടി | മേക്കൊഴൂർ ചന്ത |
| നടവത്തുക്കാവ് | പരിയാരം | Weigh Bridge (2) | കുട്ടത്തോട് |
| കരിമ്പനാംകുഴി | തെങ്ങുംതറപാലം | ആനപ്പാറ | പേഴുംകാട് |
| വെട്ടൂർ സ്ക്കൂൾ | ഇലന്തൂർ | കുമ്പഴ | കൈരളീപുരം |
| വെട്ടൂർ | ഇടപ്പരിയാരം | ഇൻഡസ് | കുമ്പഴവടക്ക് |
| മുട്ടുമൺ | മേലെഭാഗം | പോപ്പുലർ | സ്കൂൾ |
| വടക്കുപുറം | വാര്യാപുരം | ളാക്കൂർ | മുണ്ടുകോട്ടയ്ക്കൽ |
| ശങ്കരത്തിൽപ്പടി | കൊല്ലംപടി | പൂങ്കാവ് | കടമ്മനിട്ട |
| എലക്കുളം | പുളിമൂട് | പൂങ്കാവ് സർവ്വീസ് സ്റ്റേഷൻ | കല്ലേലിമുക്ക് |
| കാഞ്ഞിരപ്പാറ-പൊതീപ്പാട് | പുന്നലത്തുപടി | പൂങ്കാവ് കുരിശ്ശുംമൂട് | അന്ത്യാളൻകാവ് |
| മലയാലപ്പുഴ | ചുരളിക്കോട് | കിടങ്ങേടത്തുപടി | കുട്ടത്തോട് |
| വിളവിങ്കൽ | നന്നുവക്കാട് | കൊലപ്പാറ | പേഴുംകാട് |
| മുസലിയാർകോളജ് | കെ.എസ്. ആർ.ടി.സി | അന്തിച്ചന്ത | |

# സഹപാഠിക്കൊരു തണൽ



– ബിനുമോൾ കോശി


ബഹുമാനപ്പെട്ട ക്ലാസ് ടീച്ചർ അറിയാനതിന്
ടീച്ചർ വിഷയം: പുളിനിൽക്കുന്നത് പരിയാരം P.O
ഇലന്തൂർ പട്ടത്തറ. വീടിന്റെ ഭിത്തി-
കെട്ടിട്ടുണ്ട്. പക്ഷേ വാർക്കാൻ നിവർത്തി-
ല്ല്. എന്റെ വീട് മലയുടെ മുകളിൽ
ആണ്. അതുകൊണ്ട് ധാന സഹായം –
ചെയ്യണം.
എന്ന്
താഴ്മയി
അപേക്ഷിച്ചുകൊള്ളുന്നു.
Rajeswari : Rajeswari
VII-D

മാർത്തോമ്മാ സ്കൂൾ എന്ന തടാകത്തിൽ നിന്ന് മധുമല എന്ന കുന്നിലേക്ക് ഒഴുകാൻ ഒരുക്കപ്പെട്ട ഒരു ചാലകവും ഒരു ചാലുമാണ് ഈ കത്ത്. പിന്നിലൂടെ പതുങ്ങിവന്ന രാജേശ്വരി നീട്ടിയ ആ എഴുത്തിലേക്ക് ഇത്രയേറെ ചാലുകൾ ഒഴുകുമെന്ന്7 ഡിയുടെ ക്ലാസ് ടീച്ചർ എം.ജെ. മറിയാമ്മ ടീച്ചർ ഒരിക്കലും കരുതിയില്ല. എങ്കിലും ഷീബടീച്ചറിനെ കാണിക്കാൻ എഴുത്ത് ഹാജർ ബുക്കിൽ സൂക്ഷിച്ചുവച്ചു. എഴുത്തുമായി ഷീബടീച്ചറിന്റെ സമീപത്തുചെല്ലുമ്പോൾ ടീച്ചറിന്റെ കയ്യിലും രാജേശ്വരിയുടെ ഒരു കത്ത്! ആ കത്തുകൾ മാർത്തോമ്മാസ്കൂളിന്റെ മനസാക്ഷിയെ ഉണർത്തുന്ന ഒന്നായി മാറി. ഷീബടീച്ചർ ആ കത്തുകളുമായി പിറ്റേദിവസം രാവിലെ ടീച്ചേഴ്സ് ധ്യാനമീറ്റിംഗിൽ എത്തി. രണ്ട് അദ്ധ്യാപകരെ നിജസ്ഥിതി ബോധ്യപ്പെടാൻ രാജേശ്വരിയുടെ വീട്ടിലേക്ക് പോകാൻ അപ്പോൾത്തന്നെ ചുമതലപ്പെടുത്തി.

മധുമല എന്ന സ്ഥലത്താണ് കുട്ടിയുടെ വീടെന്നേ അറിയുള്ളു. ഇത്രയേറെ ബുദ്ധിമുട്ടാണ് ചെന്നെത്താൻ എന്ന് തോന്നിയില്ല. എന്നാൽ പടികൾ കയറി, കയറ്റം കയറി, കുത്തുകല്ലുകൾ ചവിട്ടി ഉരുളൻകല്ലുകളിൽ ചവിട്ടാതെ, വേരുകളിൽ പിടിച്ച് ചെന്നെത്താൻ വഴിയില്ലാതെ കപ്പക്കാടിനിടയിലൂടെ കുറ്റിച്ചെടികൾക്കിടയിലൂടെ ഒറ്റയടിപ്പാതയിലൂടെ പലതരത്തിലുള്ള കാന്താരികൾ പഴുത്തുവിളഞ്ഞു നില്ക്കുന്ന



ആ മുറ്റത്തെത്തി. നാലുപേരും കിതയ്ക്കുന്നുണ്ടായിരുന്നു. കുട്ടി നല്ല ഉത്സാഹവതിയാണ്. ഈയിറക്കത്തു കൂടി എങ്ങനെ താഴേക്കു തിരികെ ചെല്ലും എന്ന ചിന്തയും അധ്യാപകരെ ഭരിച്ചു. ഇത്രയും ദൂരം താണ്ടിചെന്ന അദ്ധ്യാപകർക്ക് കുടിക്കാൻ കരിക്കും ചെത്തി കാത്തിരുന്ന രക്ഷകർത്താക്കളെ കണ്ടപ്പോൾ അദ്ധ്യാപകരുടെ കണ്ണുനിറഞ്ഞുപോയി. ഇങ്ങനെയുള്ള സാഹചര്യത്തിൽ നിന്നും വരുന്ന കുട്ടികളും നമ്മുടെ ക്ലാസ്സിലുണ്ടല്ലോ എന്ന ചിന്ത അവരെ ഭരിച്ചു. എന്തൊക്കെയോ ചില കണക്കുകൂട്ടലുകൾ ഷീബടീച്ചർ നടത്തിയിരുന്നു. ഏബ്രഹാം സാറിനോടും ബിനുരാജ് സാറിനോടും അതുപങ്കുവച്ചു.സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മുന്നിട്ടിറങ്ങാൻ വെമ്പിനിന്ന നീർച്ചാൽ പദ്ധതിയുടെ ഒരടിയന്തിരയോഗം കോ-ഓർഡിനേറ്റർ ശോശാമ്മ ശമുവേൽ ടീച്ചർ ഉടനടി കൂടുകയും ഈ വീടിന്റെ നിർമ്മാണം അതിന്റെ ആഭിമുഖ്യത്തിൽ നടത്തണം എന്നു തീരുമാനിച്ചു. സ്റ്റാഫ് മീറ്റിംഗ് കൂടി അതിന് അംഗീകാരം നല്കി. സ്റ്റാഫ് സെക്രട്ടറി അതിനുവേണ്ട നേതൃത്വം നല്കി. ഹെഡ്മിസ്ട്രസും അദ്ധ്യാപകരും അനദ്ധ്യാപകരും ഞങ്ങളുടെ ആ മാസത്തെ ശമ്പളത്തിൽ നിന്ന് ഒരു ലക്ഷം രൂപ അതിനുവേണ്ടി വാഗ്ദാനം ചെയ്തു. രാജേശ്വരിയുടെ രക്ഷാകർത്താക്കളെ വിളിച്ച് പണി തുടങ്ങാൻ നിർദ്ദേശിക്കുകയും തുകയുടെ ആദ്യഗഡു നല്കുകയും ചെയ്തു. പി.റ്റി.എ പ്രസിഡന്റ് ശ്രീ. ബിജു ഇടിക്കുളയോട് വിവരം അറിയിച്ചപ്പോൾത്തന്നെ 20000 രൂപ സംഭാവനനല്കി ഈ പദ്ധതിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾക്ക് ഇപ്പോഴും നേതൃത്വം നല്കിക്കൊണ്ടിരിക്കുന്ന മുൻ ഹെഡ്മാസ്റ്ററും മുൻ മാനേജരുമായ ജോർജ്ജ് ഫിലിപ്പ് സാർ 5000 രൂപ തന്ന് ഇതിനെ പ്രോത്സാഹിപ്പിച്ചു. ഷൈനി വർഗീസ് ടീച്ചറിന്റെ ഒരു സുഹൃത്ത് ഷീനാ തോമസ് വീടുപണിക്കായി 50000 രൂപ കൊച്ചമ്മയെ ഏല്പിച്ചു. തുടർന്ന് രക്ഷാകർത്തൃസമിതിയിൽ ഈ വിഷയം അവതരിപ്പിച്ചു. പി.റ്റി.എ ഇത് ആവേശത്തോടെ ഏറ്റെടുത്തു. എല്ലാ കുട്ടികളും സഹപാഠിക്കൊരു തണൽ പദ്ധതിയിലേക്ക് സംഭാവന നല്കി. 112000 രൂപ ലഭിച്ചു. എല്ലാ തുകയും സ്കൂൾ സോഷ്യൽ സർവ്വീസ് അക്കൗണ്ടിലാണ് ശേഖരിക്കുന്നത്. അതിന് നേതൃത്വം നല്കുന്നത് ലീലാഭായി ടീച്ചറാണ്. ഇനിയും പണിപൂർത്തിയാക്കാൻ നല്ലൊരു തുക ആവശ്യമായുണ്ട്. നീർച്ചാലുകളുടെ വാർഷികാഘോഷച്ചടങ്ങിൽ നടക്കുന്ന ഹരിതമേളയിൽ നിന്ന് ലഭിക്കുന്ന വരുമാനം അതിനായി വിനിയോഗിക്കുന്നതാണ്. (ഒരുചെടി - ഒരു കറിക്കൂട്ട് എന്ന പദ്ധതിയിൽ കൂടെ കുട്ടികൾക്കു നല്കിയ പച്ചക്കറി വിത്തിനങ്ങൾ കൃഷി ചെയ്ത് ലഭിക്കുന്ന വിളവിനങ്ങളുടെ പ്രദർശനവും വില്പനയും). ഫാനും ലൈറ്റും അദ്ധ്യാപകർ സമ്മാനമായി നൽകി. അങ്ങനെ ആ സംരംഭം ഏകദേശം അവസാനഘട്ടത്തിലേക്ക് നീങ്ങുന്നു. വീട് ഒന്ന് മേൽക്കൂരയിട്ടു കാണാൻ ആഗ്രഹിച്ച രാജേശ്വരി വാർത്ത്, തേച്ച്, വൈദ്യുതിയുള്ള ഒരു നല്ല വീടിനുടമയായിരിക്കുന്നു. രാജേശ്വരിയുടെ സ്വപ്നം പൂവണിയുന്നു. ഇനി രാജേശ്വരി സുഖമായി മധുമലയിലെ വീടിന്റെ ഈ ശ്വരിയായി ഇരുന്ന് പഠിക്കട്ടെ. ഞ ങ്ങൾക്ക് കൃ താർത്ഥതയും സഹപാഠിക്കൊരു തണൽ പദ്ധതി ഒരു വർഷം കൊണ്ട് തീരുന്ന ഒന്നല്ല



വരും വർഷങ്ങളിലേക്ക് നീ ളുന്ന ഒന്നാ യി മാറ്റാനുള്ള ദൃഢനിശ്ചയം നീർച്ചാൽ ഭാരവാഹികൾ എടുത്തുകഴിഞ്ഞു എന്നത് അഭിമാനപൂർവ്വം ഓർക്കുന്നു. ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ സ്കൂൾ ചരിത്രവഴികളിലെ നാഴികക്കല്ലുകളാണ്.

# പുലരിയുടെ സംഗീതം

ഹെവൻലി കോശി ടോം 6 എ



വിദ്യാഭ്യാസം എന്നത് ജ്ഞാനത്തിനും, വിജ്ഞാനത്തിനും അപ്പുറം ഒരു സംജ്ഞാനമാണ്. ഒന്നിച്ചു കൂടുക, ഒന്നിച്ചു പറയുക, ഒന്നു തന്നെ മനസ്സിലാക്കുക, അടുത്തിരിക്കുന്നവനെ കാണുക, അറിയുക അതാണ് സംജ്ഞാനം. ഈ കൂട്ടായ്മയ്ക്ക് സഹായകമാകുന്നതാണ് നീർച്ചാലുകൾ. സഹപാഠികളുമായ് അധികം കൂട്ടുകൂടാനാവാത്ത വീട്ടുമുറ്റത്തു നിന്ന് സ്കൂളിലേക്കുള്ള യാത്രയിൽ പരസ്പരം അറിയാത്ത വിദ്യാലയ ജീവിതം ഒരു ഇൻക്യൂബേറ്റർ ജീവിതമായി മാറിയ ഈ കാലയളവിൽ കാലത്തിനു അനുയോജ്യമായ ഒരു കൂട്ടായ്മ. വിദ്യാലയ ജീവിതത്തെ ഏറ്റവും ഹൃദ്യവും സുന്ദരവും ആക്കുന്ന സൗഹൃദത്തിന്റെ മഴവില്ലുകളാക്കി മാറ്റുവാൻ നീർച്ചാലുകൾ മൂലം സാധിച്ചു. വിദ്യാർത്ഥികളായ ഞങ്ങളിൽ അന്തർലീനമായി കിടക്കുന്ന സർഗ വാസനകളെ കണ്ടെത്തി വികസിപ്പിക്കുവാനും അത് പ്രകടമാക്കുവാനും സഹായിച്ച വേദിയാണ്. സംഘം ചേർന്നിരിക്കുമ്പോൾ മറ്റുള്ളവരുടെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുവാനും യുക്തിപൂർവ്വം മറുപടി പറയുവാനും വികാരങ്ങളെ വിശുദ്ധമായി ഉൾക്കൊള്ളുവാനും സാധിച്ചു. ഇതിലൂടെ വ്യക്തി വികസനത്തിനും ആസ്വാദനശേഷി കൈവരിക്കുവാനും സാധിച്ചു. ആസ്വാദനശേഷി കൈവരിച്ചതിലൂടെ ഞങ്ങളിലെ ക്രൂരത നീങ്ങിപ്പോകുവാൻ സാധിച്ചു. മാനുഷിക മൂല്യങ്ങളായ സ്നേഹം, സത്യം, ദയ, ത്യാഗം, അച്ചടക്കം എന്നിവ കൈവരിക്കുവാൻ സാധിച്ചു. എം. മുകുന്ദന്റെ കേശവന്റെ വിലാപങ്ങൾ എന്ന നോവലിലെ കഥാപാത്രങ്ങളായ ആമൻസാർ, അപ്പുക്കുട്ടൻ എന്നിവരെപ്പോലെ അദ്ധ്യാപകർ ഞങ്ങളുടെ കൈക്കുപിടിച്ചു നടന്നു. അദ്ധ്യാപകരോളം വലുതാകുവാൻ ഞങ്ങൾ നിവർന്നു നടന്നു. ഞങ്ങളോളം ചെറുതാകുവാൻ വേണ്ടി അദ്ധ്യാപകർ കുനിഞ്ഞു നടന്നു. ഈ പാരസ്പര്യത്തിലൂടെ പരസ്പരം കണ്ട് കേട്ട് ഞങ്ങളുടെ വേദനയും സന്തോഷവും തൊട്ടറിയുവാൻ സാധിച്ചു. അതിലൂടെ സഹപാഠിക്കൊരു തണൽ എന്ന പ്രവർത്തനത്തിലൂടെ ഞങ്ങളുടെ കൂട്ടുകാരിയെ സഹായിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. ദൈവീക മഹത്വം വിളിച്ചറിയിക്കുന്ന പ്രകൃതിയുടെ കലയായ കൃഷി അതിന്റെ മൂല്യങ്ങൾ നിറഞ്ഞുനിന്ന കാലയളവിൽ രാസപദാർത്ഥങ്ങൾ ഏതുമില്ലാതെ തികച്ചും ശുദ്ധമായ പച്ചക്കറികൾ ലഭ്യമായ കാലത്തിലേക്ക് തിരിച്ചുപോകുവാൻ സഹായകമായ മറ്റൊരു പ്രവർത്തനമാണ് നീർച്ചാലിന്റെ എന്റെ പച്ചക്കറി എന്റെ കറിക്കൂട്ട് അങ്ങനെ നിത്യേനേയുള്ള കറിക്കൂട്ടിന് ആവശ്യമായ പച്ചക്കറി വീട്ടിൽ കൃഷി ചെയ്തെടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു.

വാർദ്ധക്യം അവശതയുടെ കാലമാണ്. പഞ്ചേന്ദ്രിയങ്ങൾ പണിമുടക്ക് പ്രഖ്യാപിക്കുന്ന മറ്റൊരു ശൈശവം അച്ഛനമ്മമാർ നൽകിയ സ്നേഹലാളനകളെ ഇരട്ടി മധുരത്തോടെ മക്കൾ തിരിച്ചു നല്കേണ്ട കാലത്ത് മാതാപിതാക്കളെ വൃദ്ധസദനത്തിൽ തള്ളുന്ന സംസ്കാരത്തെ പിൻപറ്റുന്ന ഈ കാലയളവിൽ നന്മയുടെ പാതയിലേക്ക് കരം പിടിച്ച് നടത്തുവാൻ കഴിയുന്ന ഉത്തമ വഴികാട്ടികളാണ് വൃദ്ധമാതാപിതാക്കൾ എന്ന് അനുഭവത്തിലൂടെ മനസ്സിലാക്കിത്തരുവാൻ സഹായിച്ച നീർച്ചാലിന്റെ മറ്റൊരു പ്രവർത്തനമാണ് വയോജനസന്ദർശനം.

വർദ്ധിച്ച പാഠഭാഗങ്ങൾ കൃത്യസമയത്ത് പഠിപ്പിച്ചു തീർക്കുക എന്ന വലിയ ഉത്തരവാദിത്വത്തിന്റെ നടുവിൽ അധ്യാപക വിദ്യാർത്ഥികൾ തമ്മിൽ അടുത്തറിയുവാൻ പരിമിതികൾ ഏറെ നിറഞ്ഞ ക്ലാസ് മുറിയിൽ നിന്ന് വേറിട്ട് ഞങ്ങൾക്ക് ഞങ്ങളുടെ അധ്യാപകരെ അടുത്തറിയുവാനും അവരുടെ വാത്സല്യം നിറഞ്ഞ സ്നേഹം അനുഭവിക്കുവാനും സാധിച്ചു എന്നതാണ് എല്ലാറ്റിലും ഉപരിയായി എനിക്ക് നീർച്ചാലിലൂടെ ലഭ്യമായ ഭാഗ്യാനുഭവം. നീർച്ചാലിന്റെ സംസ്കാരികവേദികളിൽ പങ്കാളിയാകുവാൻ സാധിച്ചതിലൂടെ എന്നിൽ അന്തർലീനമായ സർഗവാസന കണ്ടറിഞ്ഞ് എന്റെ അധ്യാപകരുടെ പ്രോത്സാഹനത്തിലൂടെ സബ്-ജില്ല യുവജനോത്സവത്തിൽ മലയാളം ഇംഗ്ലീഷ് പ്രസംഗത്തിന് ഒന്നാം സ്ഥാനം ലഭിക്കുവാൻ എനിക്ക് സാധിച്ചു. 4-ാം ക്ലാസ് പഠനത്തിനുശേഷം അടുത്തത് ഏത് സ്കൂൾ എന്ന തിരഞ്ഞെടുപ്പിൽ രണ്ടാമതൊന്നു ചിന്തിക്കാതെ പത്തനംതിട്ട മാർത്തോമ്മാ സ്കൂൾ എന്ന എന്റെ തിരഞ്ഞെടുപ്പ് തികച്ചും അനുയോജ്യമെന്ന് വിളിച്ചോതുവാൻ എന്റെ സ്കൂളിലെ "നീർച്ചാലുകൾ" പ്രവർത്തനങ്ങൾ സഹായിച്ചു. അനേകം പഠിതാക്കൾക്ക് അറിവിന്റെയും തിരിച്ചറിവിന്റെയും ഫലങ്ങൾ സമ്മാനിക്കുന്നതാകട്ടെ എന്റെ വിദ്യാലയവും അതിലെ പ്രവർത്തനങ്ങളും എന്ന് ആശംസിക്കുന്നു.

# സ്നേഹദീപ്തി മലയാളം

സ്നേഹ ഏബ്രഹാം 10 ബി



ഹാ! എത്ര സുന്ദരമാണെന്റെ നെറുകയിൽ
ചാർത്തിതെളിഞ്ഞൊരു മലയാളം
ഞാൻ കാണും നേരം തൊടുന്നമ്മ നാവിൻ
തുമ്പത്ത് കുറിച്ചു തന്നതെൻ മലയാളം
കളിക്കൂട്ടുകാരിയായി എൻ അമ്മയെക്കാണുമ്പോൾ
കളിച്ചെപ്പുമായെന്റെ മലയാളമെത്തി
മുത്തുപവിഴങ്ങൾ കൊരുത്തൊരു
സ്വർണ്ണനൂലാണെന്റെ നൻമ മലയാളം
എന്നെ ഞാനാക്കി മാറ്റിയതെന്നമ്മ
ആദ്യക്ഷരം കുറിച്ചു തന്നതും എന്നമ്മ
എൻ അമ്മയായി മാറിയതെൻ മലയാളം
എന്റെ ശീതള നവ്യ മലയാളം
എത്ര ഈരടികൾ ചേർന്നതെൻ മലയാളം
എത്ര വാക്കുകൾ ചേർന്നതെൻ അമ്മ
സ്നേഹനിറകുടവുമെന്റെ അമ്മ
ആ അമ്മയായി പീലിവിടർത്തും മലയാളം
ആദ്യാക്ഷരം തന്ന് പെറ്റുവളർത്തി മുലയൂട്ടും അമ്മ
അറിവിന്റെ ദീപ്തിയായി മാറുന്ന ആദ്യാക്ഷരം
മാതൃഭാഷയാണെന്റെ കരുത്ത്, പൂമ്പാറ്റയോട് സമം
എന്നെ ഞാനാക്കി മാറ്റിയ മലയാളം
ജീവിതനൗകയിൽ തളരാതെ കാക്കും
അറിവിന്റെ ലോകം കൈക്കുമ്പിളിൽ തുറക്കും
എൻ അമ്മയുടെ സ്ഥാനമെൻ മലയാളത്തിന്
അമ്മ മലയാളത്തിന് ഹൃദയാംഗ മലയാളത്തിന്
സപ്തസ്വരങ്ങളിൽ സപ്തവർണ്ണമായി
മാറുന്ന മലയാളമേ.....
നിന്നെ വന്ദിപ്പൂ എൻ സാഗര മലയാളമേ.....

HOTEL Diana
Family Restaurant
CRISPY CHICKEN
CHINESE RESTAURANT
Bethel Tower
Aban Junction
PATHANAMTHITTA
VEG TREAT
SPECIAL BURGER
FRIED CHICKEN TREAT
JUICE AND ICE CREAMS
Home Delivery
Call 9447204456, 9447104456

Shibi. P. George
Mob : 09495554681
The new taste of tradition
Royal Bakery
Kumbazha North, Pathanamthitta
Ph : 0468 2222186


നിലമ്പൂർ
ഫർണീച്ചർ മാർട്ട്
റിംഗ് റോഡ്, എസ്.പി. ഓഫീസിനു സമീപം
പത്തനംതിട്ട, ഫോൺ : 8547883154, 0468 2323154
എല്ലാവിധ തടികളുടെ ഫർണീച്ചർ, കട്ടിള, ജനൽ, ജനൽ പാളികൾ, ഡോറുകൾ, സ്റ്റീൽ & പ്ലാസ്റ്റിക് ഫർണീച്ചർ, ബെഡുകൾ, പ്ലാസ്റ്റിക് കർട്ടൻ, ബാംബു കർട്ടൻ, കർട്ടൻ വർക്കുകൾ മുതലായവ ഓർഡർ അനുസരിച്ച് ഉത്തരവാദിത്വത്തോടു കൂടി ചെയ്തു കൊടുക്കപ്പെടും.

# മികവ് 2016-17

**ശോശാമ്മ ശമുവേൽ (എസ്. എസ്. എ കൺവീനർ)**



2016-17 അദ്ധ്യയന വർഷത്തിൽ സ്ക്കൂൾ തനതുപ്രവർത്തനങ്ങളുടെ ഭാഗമായി മെയ് 31 ന് അദ്ധ്യാപകർ തനതുപ്രവർത്തനം ആസൂത്രണം ചെയ്തു. കുട്ടികളുടെ സ്വഭാവരൂപീകരണവും ധാർമ്മികമൂല്യങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനത്തിന് രൂപരേഖ തയ്യാറാക്കി. കുട്ടികളുടെസ്വഭാവരൂപീകരണം, സമയം ഫലപ്രദമായി ഉപയോഗിക്കൽ, നല്ല സമൂഹരൂപീകരണം എന്ന ലക്ഷ്യത്തോടെയാണ് കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.



**രാജേഷ് എസ്. വള്ളിക്കോട്**
എസ്. എസ്. എ.,
ബ്ലോക്ക് പ്രോജക്ട് ഓഫീസർ,
പത്തനംതിട്ട

## നീർച്ചാലുകൾ

*(സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രാദേശിക സമിതികൾ)*

### ഉദ്ദേശ്യലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികളിൽ സ്വഭാവ രൂപവത്കരണവും ധാർമ്മികമൂല്യങ്ങളും വളർത്തുന്നതിനുള്ള പ്രോഗ്രാമുകൾ ഏറ്റെടുക്കുക.
2. കല, കായികം, സാഹിത്യം, സേവനം തുടങ്ങിയ ഏതു പ്രവർത്തനവും ഏറ്റെടുക്കാം.
3. മദ്യത്തിനും മയക്കുമരുന്നിനും എതിരെ പ്രചരണം നടത്തുകയും കുട്ടികളെ ഇവയുടെ ദൂഷ്യഫലങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യുക.
4. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കുക.
5. സഹജീവികളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള മനോഭാവം വളർത്തുക.
6. പ്രകൃതി സംരക്ഷണം കൃഷി എന്നിവയിൽ കുട്ടികളുടെ താല്പര്യം വളർത്തുക.
7. കുട്ടികളിൽ നേതൃത്വഗുണം വളർത്തുക.
8. രക്ഷിതാക്കൾക്ക് സംഗമവും, ആവശ്യമെങ്കിൽ അദ്ധ്യാപകരുടെ സഹായത്തോടെ കൗൺസിലിംഗ് മാർഗ്ഗനിർദ്ദേശം തുടങ്ങിയവ ക്രമീകരിക്കുക.

### അംഗത്വം

1. ഒരു സമിതിയിൽ ഒരു പ്രദേശത്തുള്ള 25 കുട്ടികൾ വരെയുള്ള അംഗങ്ങളാവാം. മറ്റു സ്ക്കൂളിലെ 5 (അഞ്ച്) കുട്ടികൾക്കു വരെ അംഗത്വം നല്കാം.
2. അംഗത്വ ഫീസ് 2 രൂപ
3. ഓരോ സമിതിയും നീർച്ചാൽ കേന്ദ്ര സമിതിയിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ് 25 രൂപ

### ഭാരവാഹികൾ

1. രക്ഷാധികാരി : അംഗങ്ങളുടെ രക്ഷിതാക്കളിൽ ഒരാളായിരിക്കണം.
2. ഉപരക്ഷാധികാരി : അംഗങ്ങളുടെ രക്ഷിതാക്കളിൽ മാതാക്കളിൽ ഒരാളായിരിക്കണം.
3. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറാർ എന്നിവരെ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കണം.
4. മാസത്തിൽ കുറഞ്ഞത് 3 തവണയെങ്കിലും യോഗം ചേരണം.
5. മുൻയോഗ മിനിറ്റ്സും അതുവരെയുള്ള കണക്കും അവതരിപ്പിക്കണം.
6. ഓരോ സമിതിയും ഒരു അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും.
7. സ്ക്കൂൾ ഹെഡ്മിസ്ട്രസ് മുഖ്യ രക്ഷാധികാരിയും അദ്ധ്യാപകരിൽ ഒരാൾ ചീഫ് ഓർഡിനേറ്ററും 2 അദ്ധ്യാപകർ കോ-ഓർഡിനേറ്റർമാരും ആയിരിക്കും. ഇവരടങ്ങുന്നതാണ് കേന്ദ്രസമിതി.
8. ഏതു വിഷയം സംബന്ധിച്ചും കേന്ദ്രസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**................ വിവിധ നീർച്ചാൽ യൂണിറ്റുകളിലെ വ്യത്യസ്ത പരിപാടികൾ ................**










Printed & Published by Chief Editor, Aksharadhwani, Mar Thoma Higher Secondary School, Pathanamthitta. dsgn. & print - imacprintpta@gmail.com # 9447504410, 2323260